ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ, ബി, സി ആന്റ് ഡി) ശബരിമല പെരിയാർ ടൈഗർ റിസർവ്വിന്റെ ബഫർസോണിൽ സ്ഥിതി ചെയ്യുന്ന പ്രദേശമായതിനാൽ, വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്രവനമന്ത്രാലയത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്നതാണ് നിയമവശം. അതിനാൽ, തീർത്ഥാടകാവശ്യത്തിനുള്ള വികസനത്തിന് വനഭൂമി ലഭ്യമാക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെടുകയും, കേന്ദ്ര വനംവകുപ്പ് സെക്രട്ടറി ശബരിമല സന്ദർശിക്കുകയും, തീർത്ഥാടകരുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ആവശ്യം ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള പ്രാരംഭ ചർച്ചകളും പഠനങ്ങളും നടന്നുകഴിഞ്ഞു. മന്ത്രിസഭാ തീരുമാനപ്രകാരം ശബരിമല വികസനത്തിന് ആവശ്യമായ പ്രവൃത്തികൾ ദേവസ്വം ബോർഡിന്റെ കൈവശം ലീസിലുള്ള സ്ഥലത്ത് നടത്തുന്നതിന്റെ നിയമ സാധുതയെക്കുറിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം ആരാഞ്ഞിട്ടുണ്ട്.

കയറിനും കയറുൽപ്പന്നങ്ങൾക്കും കൂടുതൽ വിപണി

*15 [73] ശ്രീ. സി. മമ്മൂട്ടി:
,, യു. സി. രാമൻ:
,, പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിനും കയറുൽപ്പന്നങ്ങൾക്കും കൂടുതൽ വിപണി കണ്ടെത്തുന്നതിനും കയറ്റി അയയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കയറിന്റേയും കയറുൽപ്പന്നങ്ങളുടെയും വിപണനം ആഭ്യന്തര വിപണിവഴി വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ ആന്റ് ബി) കയറിനും കയറുൽപ്പന്നങ്ങൾക്കും ആഭ്യന്തര വിദേശ വിപണി കണ്ടെത്തുന്നതിനായി സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. ആഗോള തലത്തിലുള്ള ആവശ്യകതയ്ക്കനുസൃതമായി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കയർ വ്യവസായത്തിൽ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി, സ്വകാര്യ മേഖലയിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നവർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 50 ശതമാനംവരെ (പരമാവധി 10 ലക്ഷം രൂപ) പ്രത്യേക സബ്സിഡിയായി നൽകുന്നു. റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിന് കയർ കോർപ്പറേഷനും കയർഫെഡിനും ധനസഹായം നൽകിയിട്ടുണ്ട്.

2. കമ്പോളത്തിലെ ഗതിക്കനുസൃതമായ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സോഫ്റ്റുവെയറുള്ള കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

3. കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണി മെച്ചപ്പെടുത്തുന്നതിനായി രാജ്യത്തെ പ്രധാന നഗരങ്ങളിൽ മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിന്റെ ചെലവിന്റെ ഒരു ഭാഗം ധനസഹായമായി നൽകിവരുന്നു. കയറ്റുമതി മെച്ചപ്പെടുത്തുന്നതിനായി വിദേശരാജ്യങ്ങളിലുള്ള എക്സിബിഷനിൽ പങ്കെടുക്കുന്നതിന് കയർ ബോർഡിന്റെ സഹായം പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർഫെഡിനും ലഭിക്കുന്നുണ്ട്. കൂടാതെ ദൂരദർശൻ, ആകാശവാണി, പ്രധാന പത്രങ്ങൾ, മാസികകൾ തുടങ്ങിയവവഴി നടത്തുന്ന പരസ്യ ചെലവിന്റെ 50 ശതമാനം തുക ഗ്രാന്റായി സർക്കാർ, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ ഇവയ്ക്ക് നൽകിവരുന്നു.

4. കയറിനും കയറുൽപ്പന്നങ്ങൾക്കും പുതിയ വിപണികൾ കണ്ടെത്തുന്നതിനും വിപണനത്തിന് പ്രൊഫഷണൽ രീതി അവലംബിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ വിപണി വികസന സഹായം (എം.ഡി.എ.) സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങളായ കയർ കോർപ്പറേഷൻ, ഫോമിൽ ഇവയ്ക്കും നൽകിവരുന്നു.

5. കയർ മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (സി.എഫ്.എസ്.സി.) തുടങ്ങുന്നതിന് ധനസഹായം നൽകിവരുന്നു.

6. കയർ വ്യവസായത്തിൽ കയർ ഭൂവസ്ത്ര വികസനം, ഒരു ഊന്നൽ മേഖലയായി കണക്കാക്കി, കയർ ഭൂവസ്ത്ര സംയോജിത പദ്ധതിയിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നു.

7. പിത്ത് യൂട്ടിലൈസേഷൻ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 30 ശതമാനം പ്രത്യേക സ്ഥിര മൂലധന നിക്ഷേപ സബ്സിഡിയായി പരമാവധി 30 ലക്ഷം രൂപ വരെ നൽകിവരുന്നു.

8. കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും വിദേശ വിപണിയും ആഭ്യന്തര വിപണിയും വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

9. വിപണിക്കാവശ്യമായ ഗുണമേന്മയും വൈവിദ്ധ്യവുമുള്ള ഉൽപ്പന്നങ്ങൾ കുറഞ്ഞ നിലവിൽ ഉൽപ്പാദിപ്പിക്കുന്നതിന് കയർ വ്യവസായത്തിൽ ഗവേഷണ-സാങ്കേതികവിദ്യ മാനേജ്മെന്റ് വികസനത്തിനായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് തറക്കല്ലിട്ടു. മറ്റു പ്രവർത്തനങ്ങൾ നടന്നു വരുന്നു.

10. കയറും കയറുൽപ്പന്നങ്ങളുടെയും ഉൽപ്പാദനം പ്രധാനമായും നടന്നു വരുന്ന ആലപ്പുഴ ജില്ലയിൽ കയർ ക്ലസ്റ്റർ രൂപീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ വ്യവസായ വാണിജ്യ മന്ത്രാലയം അനുവദിച്ച ഐ.ഐ.യു.എസ്. പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

11. ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടും, അതുപയോഗിക്കാനുള്ള പരിശീലനവും ഒരു മാസത്തേക്കുള്ള പ്രവർത്തന മൂലധനവും, വർക്ക്ഷെഡും 6,000 സ്ത്രീ കയർ തൊഴിലാളികൾക്ക് നൽകി, അവരെ സ്വയംസഹായ സംഘങ്ങളാക്കി പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി നടപ്പിലാക്കിവരുന്നു.

12. കേരള സംസ്ഥാനത്തുൾപ്പെടെയുള്ള കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിനായി കയർ ബോർഡ് ഒരു ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

ഹെൽത്ത് ടൂറിസം പദ്ധതി

*16 [74] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ടൂറിസം നടപ്പിലാക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) ഇതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ആയുർവേദ ചികിത്സാ സമ്പ്രദായം പ്രയോജനപ്പെടുത്തി ഹെൽത്ത് ടൂറിസം നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പഠനം നടത്തുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഉണ്ട്.

(ബി ആന്റ് സി) സർക്കാർ ഇതിനെക്കുറിച്ച് പഠനം നടത്തിയിട്ടില്ല. എന്നിരിക്കിലും ഏറെ സാദ്ധ്യതയുള്ള ഒരു മേഖലയായതിനാൽ ആരോഗ്യ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly